STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.160/PR/SPMC/PHQ/2025 Date:27.06.2025

## ബാഡ്ജ് ഓഫ് ഓണറും കമന്റേഷൻ ഡിസ്ക്കും 219 പേർക്ക്; വിതരണം നാളെ ഡി.ജി.പി നിർവ്വഹിക്കും

പോലീസിലെ വിവിധ മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് മേധാവി ശനിയാഴ്ച(28.06.2025) ബാഡ്ജ് ഓഫ് ഓണറും കമന്റേഷൻ ഡിസ്ക്കും വിതരണം ചെയ്യും. വൈകിട്ട് 3.00 ന് തിരുവനന്തപുരത്ത് തൈക്കാട് പോലീസ് ട്രെയിനിങ് കോളേജിലാണ് ചടങ്ങ്.

കേസന്വേഷണം, ക്രമസമാധാനപാലനം, രഹസ്യ വിവരശേഖരണം, ഭരണനിർവ്വഹണം, മനുഷ്യക്കടത്ത്, ഗതാഗത നിയന്ത്രണം, പരിശീലനം, സൈബർ ക്രൈം, വിരലടയാളശേഖരണം, സോഷ്യൽ പോലീസിംഗ്, റെയിൽവേ പോലീസ്, കോസ്റ്റൽ പോലീസ് എന്നീ മേഖലകളിലെ കഴിവ് പരിഗണിച്ചാണ് ബാഡ്ജ് ഓഫ് ഓണർ നൽകുന്നത്.

164 പേർക്കാണ് ബാഡ്ജ് ഓഫ് ഓണർ ലഭിക്കുക. മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട ആറ് പേർക്ക് കമന്റേഷൻ സർട്ടിഫിക്കറ്റും ലഭിക്കും.

ആംഡ് പോലീസ് ബറ്റാലിയനിലെ വിവിധ മേഖലകളിലെ പ്രകടനത്തിൽ മികച്ചു നിൽക്കുന്നവർക്കാണ് കമന്റേഷൻ ഡിസ്ക്ക് നൽകുന്നത്. 49 പേരാണ് ഇത്തവണ കമന്റേഷൻ ഡിസ്ക്കിന് അർഹത നേടിയത്.

*******************